2754
8/2/17

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കൊല്ലം പരവൂർ പുറ്റിങ്ങൽ ക്ഷേത്രത്തിലെ വെടിക്കെട്ടപകടത്തിൽ പരിക്കേറ്റവരെ ചികിത്സിച്ച ഇനത്തിൽ ചെലവായ തുകയുടെ ബില്ലുകൾ പാസ്സാക്കി തുക നല്കുന്നതിന് കൊല്ലം ജില്ലാ കളക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി ആർ എഫ് - എ) വകുപ്പ്

ജി.ഒ.(എം.എസ്) നമ്പർ :**39/17/റവ.** തിരുവനന്തപുരം തീയതി, **02.02.2017**

പരാമർശം:- 1) 19.10.2016 ലെ സ.ഉ.(സാധാ)4375/2016/റവ നമ്പർ ഉത്തരവ്.
2) 3.10.2016 ലെ കൊല്ലം ജില്ലാ കളക്ടറുടെ എൻ.7/32000/2016 നമ്പർ കത്ത്.

## ഉത്തരവ്

കൊല്ലം പരവൂർ പുറ്റിങ്ങൽ ക്ഷേത്രത്തിലെ വെടിക്കെട്ടപകടത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് 6 ലക്ഷം രൂപ വീതവും ഗുരുതരമായി പരിക്കേറ്റവർക്ക് 2 ലക്ഷം രൂപ വീതവും നിസ്സാര പരിക്കേറ്റവർക്ക് 50000 രൂപ വീതവും 20.04.2016 ലെ സ.ഉ.(കൈ) 304/2016/റവ നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നു. ഗുരുതരമായി പരിക്കേറ്റവർക്ക് സ്വകാര്യ ആശുപത്രികളിൽ സൗജന്യ ചികിത്സ നല്കുവാനും സർക്കാർ തീരുമാനിച്ചിരുന്നു. ആയതനുസരിച്ച് ജില്ലാ മെഡിക്കൽ ഓഫീസർ സൂക്ഷ്മ പരിശോധന നടത്തിയ സ്വകാര്യ ആശുപത്രികളുടെ 25,49,790/- രൂപയുടെ ബില്ലുകൾ പരാമർശം (1) പ്രകാരം പാസ്സാക്കി ഒന്നാം ഘട്ടമായി അനുവദിച്ചിരുന്നു.

2) തുടർന്ന് ജില്ലാ മെഡിക്കൽ ഓഫീസർ സൂക്ഷ്മ പരിശോധന നടത്തിയ സ്വകാര്യ ആശുപത്രികളിലെ 42,87,560/- (നാല്പത്തിരണ്ടു ലക്ഷത്തി എൺപത്തിയേഴായിരത്തി അഞ്ഞൂറ്റി അറുപത് രൂപ മാത്രം) രൂപയുടെ ബില്ലുകൾ പാസ്സാക്കി തുക നല്കുന്നതിനുള്ള അനുമതിയ്ക്കായി പരാമർശം (2) പ്രകാരം കൊല്ലം ജില്ലാ കളക്ടർ സർക്കാരിൽ സമർപ്പിച്ചു.

3) സർക്കാർ വിഷയം വിശദമായി പരിശോധിച്ചു. കൊല്ലം പരവൂർ പുറ്റിങ്ങൽ ക്ഷേത്രത്തിലെ വെടിക്കെട്ടപകടത്തിൽ പരിക്കേറ്റവരെ ചികിത്സിച്ച ഇനത്തിൽ താഴെ പറയുന്ന സ്വകാര്യ ആശുപത്രികൾക്ക് ചെലവായ **42,87,560/-** (നാല്പത്തിരണ്ടു ലക്ഷത്തി എൺപത്തിയേഴായിരത്തി അഞ്ഞൂറ്റി അറുപത് രൂപ മാത്രം) രൂപയുടെ ജില്ലാ മെഡിക്കൽ ഓഫീസർ സൂക്ഷ്മ പരിശോധന നടത്തിയ ബില്ലുകൾ പാസ്സാക്കി തുക നല്കുന്നതിന് കൊല്ലം ജില്ലാ കളക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ഹോസ്പിറ്റലിന്റെ പേര് | ബിൽ തുക |
|---|---|---|
| 1 | മെഡിട്രീന ഹോസ്പിറ്റൽ, കൊല്ലം | 1,71,772/- |
| 2 | അസീസിയ മെഡിക്കൽ കോളേജ്, മീയ്യണ്ണൂർ, കൊല്ലം | 7,72,012/- |
| 3 | തിരുവനന്തപുരം മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് സൊസൈറ്റി | 12,59,606/- |
| 4 | എസ്.പി.ഫോർട്ട് ഹോസ്പിറ്റൽ, തിരുവനന്തപുരം | 16,14,420/- |
| 5 | എൻ.എസ്.മെമ്മോറിയൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, കൊല്ലം | 2,06,583/- |
| 6 | ശങ്കേഴ്സ് (SIMS& SSM Hospital), കൊല്ലം | 18,861/- |
| 7 | മാതാ മെഡിക്കൽ സെന്റർ, കൊല്ലം | 7,780/- |
| 8 | ഉപാസന ഹോസ്പിറ്റൽ, കൊല്ലം | 2,344/- |
| 9 | ബിഷപ്പ് ബെൻസിഗർ ഹോസ്പിറ്റൽ, കൊല്ലം | 1,63,868/- |
| 10 | കിംസ്, കൊല്ലം | 70,314/- |
| | ആകെ | 42,87,560/- |

4) തുക അടിയന്തിരമായി ആശുപത്രികൾക്ക് നല്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി.എച്ച്.കുര്യൻ.
പ്രിൻസിപ്പൽ സെക്രട്ടറി

ജില്ലാ കളക്ടർ, കൊല്ലം.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ് / റവന്യൂ (ഡി ആർ എഫ് - ബി) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി
പകർപ്പ് പൊതുഭരണ (എസ്.സി) വകുപ്പ്
(25.01.2017 ലെ മന്ത്രിസഭാ യോഗ തീരുമാനം ഇനം നം.669 പ്രകാരം)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

-15-

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 25-01-2017.

ഫയൽ നം.41533/ഡി.ആർ.എഫ്. എ1/2016/റവ. ഇനം നം: 669

വിഷയം : റവന്യൂ വകുപ്പ് - കൊല്ലം പരവൂർ പുറ്റിങ്ങൽ ക്ഷേത്രത്തിലെ വെടിക്കെട്ടപകടത്തിൽ പരിക്കേറ്റവരെ ചികിത്സിച്ച ഇനത്തിലുള്ള ബില്ലുകളുടെ തുക നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.